DESPATCHED
On..24/5/22...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.2026 (1)/2021/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 17292/SIC-G4/2021)**

**സന്നിഹിതൻ**
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീ. പി.ജെ. ആന്റണി,
പുളിക്കൽ വീട്, കണ്ണമാലി പി.ഒ.,
ഇന്ത്യാ സീ ഫുഡ്സിന് സമീപം,
കൊച്ചി – 682 008. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
വാട്ടർ വർക്സ് സബ് ഡിവിഷൻ,
കരുവേലിപ്പടി, കൊച്ചി – 05

2. അപ്പീൽ അധികാരി & സൂപ്രണ്ടിംഗ് എഞ്ചിനീയർ,
സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
പബ്ലിക് ഹെൽത്ത് സർക്കിൾ,
കൊച്ചി – 682 011. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 3.3.2022–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലെ 6–ാം ഖണ്ഡികയിൽ, വിവരാവകാശ അപേക്ഷയ്ക്ക് 23.7.2021–ന് നൽകിയ മറുപടിയുടെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ ഒരിക്കൽകൂടി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്നും, അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കാതിരുന്നത് സംബന്ധിച്ചുള്ള ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷനിൽ ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ പ്രസ്താവിച്ചത്, ശ്രീ. പി.ജെ. ആന്റണി 24.6.2021–ൽ നൽകിയ അപേക്ഷയിന്മേലുള്ള മറുപടി കാര്യാലയത്തിൽ നിന്നും 23.7.2021-ന് ഓർഡിനറി പോസ്റ്റ് വഴി നൽകിയിരുന്നതിന് തെളിവായി ഡെസ്പാച്ച് രജിസ്റ്റർ കോപ്പി കമ്മീഷനിൽ സമർപ്പിക്കുന്നു എന്നും പ്രസ്തുത മറുപടി നൽകാനുള്ള കാലതാമസം മന:പൂർവ്വം വരുത്തിയതല്ലെന്നും ശ്രീ. പി.ജെ. ആന്റണി ആവശ്യപ്പെട്ടിരിക്കുന്ന ശ്രീ. കെ.എസ്. മോഹനന്റെ കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ കണ്ടെത്താൻ വേണ്ടി, ഓഫീസിലെ സ്ഥലപരിമിതി മൂലം ഫയൽ സൂക്ഷിച്ചിരുന്ന ക്വാർട്ടേഴ്സിൽ പലതവണ ഓഫീസ് ജീവനക്കാരും, കൂലി തൊഴിലാളികളെയും ഉൾപ്പെടുത്തി പരിശോധന നടത്തുകയുണ്ടായി

എങ്കിലും ഫയൽ കണ്ടെത്താൻ സാധിച്ചില്ലെന്നും വിശദമായ പരിശോധനയ്ക്കുവേണ്ടിയാണ് കാലാവധി തീരുന്നതുവരെയുള്ള സമയം വിനിയോഗിച്ചതെന്നും എന്നാൽ പ്രസ്തുത ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ ആ വിവരമാണ് 23.7.2021-ൽ അറിയിച്ചതെന്നും ഹർജിക്കാരൻ അപ്പീൽ അധികാരിയ്ക്ക് അപേക്ഷ നൽകിയതിനെ തുടർന്ന് അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം ടി കാര്യാലയത്തിൽ നിന്നും വിശദമായ പരിശോധനയ്ക്കുശേഷം 8.11.2021-ൽ ഫയൽ കണ്ടെത്താൻ സാധിച്ചില്ലായെന്ന് അറിയിച്ചുകൊണ്ടുള്ള വിശദമായ മറുപടി ഹർജിക്കാരന് നൽകുകയുണ്ടായി എന്നും തുടർന്ന് കമ്മീഷനിൽ നിന്നും കത്ത് ലഭിച്ചതിനുശേഷം 6.1.2022-ൽ രജിസ്റ്റേർഡ് തപാൽ മുഖേന നൽകിയ കത്ത് 11.1.2022-ൽ ശ്രീമതി. ബേബി ആന്റണി കൈപ്പറ്റിയ എ.ഡി കാർഡ് ടി കാര്യാലയത്തിൽ 15.1.2022-ൽ ലഭിച്ചിട്ടുണ്ടെന്നും കമ്മീഷൻ 2.3.2022-ൽ നടത്തിയ ഹിയറിംഗ് നിർദ്ദേശ പ്രകാരം 4.3.2022-ൽ മറുപടി രജിസ്റ്റേർഡ് തപാലിൽ വീണ്ടും ഹർജിക്കാരന് അയച്ചിരുന്നു എന്നും ടി കത്തിൽ കമ്മീഷൻ നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ കണ്ടെത്താനായി ഊർജ്ജിത ശ്രമം വീണ്ടും നടത്തിയെന്നും ഓഫീസ് ജീവനക്കാർ പരിശോധിച്ചതു കൂടാതെ 2 കൂലി തൊഴിലാളികളെ വീതം മൂന്ന് ദിവസം വച്ച് ഓഫീസ് ജീവനക്കാരും ചേർന്ന് പരിശോധന നടത്തുകയുണ്ടായി എന്നും എന്നാൽ റിക്കാർഡ് റൂമിൽ ഏറ്റവും താഴെ ഭാഗത്ത് സൂക്ഷിച്ചിരുന്ന ഫയലുകൾ വീണ്ടെടുക്കാൻ സാധിക്കാത്തവിധത്തിൽ ദ്രവിച്ച അവസ്ഥയിൽ ആയിരുന്നുവെന്നും കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർ രൂപീകരിച്ച 3 അംഗങ്ങൾ അടങ്ങിയ അന്വേഷണസംഘവും പരിശോധന നടത്തുകയുണ്ടായെങ്കിലും ഫയൽ കണ്ടെത്താൻ സാധിച്ചില്ലെന്നും പരിശോധനയ്ക്കുശേഷം വീണ്ടെടുത്ത ഫയലുകൾ തിട്ടപ്പെടുത്തി സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ടെന്നും ശ്രീ. കെ.എസ്. മോഹനന് കണക്ഷൻ നൽകിയത് 8.4.2013-ൽ ആണെന്നും കണക്ഷൻ കൊടുക്കുന്ന സമയത്ത് ഹർജിക്കാരൻ തർക്കമൊന്നും ഉന്നയിക്കാതിരുന്നതു മൂലമാണ് അന്ന് ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ ടി വഴിയിലൂടെ കണക്ഷൻ നൽകിയതെന്നുമാണ്.

2. ടി വിശദീകരണം പരിശോധിച്ചതിൽ കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കുന്നതിൽ പരമാവധി ശ്രമങ്ങൾ എതിർകക്ഷികൾ നടത്തിയിട്ടുള്ളതായി കമ്മീഷന് ബോധ്യപ്പെട്ടിരിക്കുന്നു. എന്നാൽ നൽകിയ മറുപടികളിൽ ഹർജിക്കാരൻ 8.3.2022ന് വീണ്ടും ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാനോ ടിയാന്റെ പ്രതിനിധിക്കോ, ടി റിക്കാർഡ് റൂം നേരിട്ട് പരിശോധിച്ച് രേഖകൾ കണ്ടെത്തുന്നതിനുള്ള അനുമതി എതിർകക്ഷികൾ അനുവദിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും, എതിർകക്ഷികൾ ലഭ്യമാക്കിയ ടി വിശദീകരണം അംഗീകരിച്ചുകൊണ്ടും ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi